REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 18-02-2025 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- ഖത്തർ അമീർ ശൈഖ് തമീം ബിൻ ഹമദ് അൽതാനി ന്യൂഡൽഹിയിൽ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഉഭയകക്ഷി ചർച്ച നടത്തും.
- തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ പുതിയ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി രാഷ്ട്രപതി നിയമിച്ചു. കേരള കേഡർ 1988 ബാച്ചിലെ മുൻ I A S ഉദ്യോഗസ്ഥനാണ് അദ്ദേഹം.
- ദേശീയ വനിതാ മാധ്യമ പ്രവർത്തക കോൺക്ലേവ് തിരുവനന്തപുരത്ത് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- നഗര പ്രദേശങ്ങളിലെ ഭൂമി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സർവേ നടത്തുന്ന 'നക്ഷ' പദ്ധതിക്ക് സംസ്ഥാനത്ത് ഇന്ന് തുടക്കം.
- ഈ വർഷത്തെ തദ്ദേശ ദിനാഘോഷം ഇന്ന് ഗുരുവായൂരിൽ ആരംഭിക്കും.
- വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു / ഡൽഹി ക്യാപിറ്റൽസിനെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തിയ ഖത്തർ അമീർ ശൈഖ് തമീം ബിൻ ഹമദ് അൽതാനി പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഇന്ന് ഉഭയകക്ഷി ചർച്ച

നടത്തും. ഇന്ന് രാഷ്ട്രപതി ഭവൻ അങ്കണത്തിൽ ഖത്തർ അമീറിന് ആചാരപരമായ സ്വീകരണം നൽകും. രാഷ്ട്രപതി ദ്രൗപതി മുർമുവുമായും അമീർ ചർച്ച നടത്തും. അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം വിരുന്നും സംഘടിപ്പിച്ചിട്ടുണ്ട്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനി ഇന്നലെയാണ് ഡൽഹിയിലെത്തിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഖത്തർ അമീറിനെ വിമാനത്താവളത്തിൽ സ്വീകരിച്ചു.

മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും ബിസിനസ് പ്രതിനിധികളും ഉൾപ്പെടെ ഉന്നതതല സംഘം അമീറിനൊപ്പമുണ്ട്. സന്ദർശന വേളയിൽ വ്യാപാരം, നിക്ഷേപം, ഊർജം, സാങ്കേതികവിദ്യാ സഹകരണം എന്നിവയാണ് പ്രധാന അജണ്ട. ഇന്ത്യയും ഖത്തറും ശക്തമായ സാമ്പത്തിക പങ്കാളിത്തം പങ്കിടുന്ന രാജ്യങ്ങളാണ്. വിവിധ മേഖലകളിൽ ഉഭയകക്ഷി വ്യാപാരം വ്യാപിച്ചുകിടക്കുന്നു. ഖത്തറിലെ കമ്പനികൾ ഇന്ത്യയുടെ സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യങ്ങൾ, നിർമ്മാണ വ്യവസായങ്ങൾ എന്നിവയിൽ ഗണ്യമായ നിക്ഷേപം നടത്തിയിട്ടുണ്ട്, അതേസമയം ഇന്ത്യൻ കമ്പനികൾ ഖത്തറിൽ ശക്തമായ സാന്നിധ്യം സ്ഥാപിച്ചിട്ടുണ്ട്.

✪✪✪

തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ പുതിയ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറിന്റെ കാലാവധി ഇന്ന് അവസാനിക്കുന്ന സാഹചര്യത്തിലാണ് നിയമനം. കേരള കേഡറിലെ 1988 ബാച്ചിലെ മുൻ I A S ഉദ്യോഗസ്ഥനാണ് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിതനായ ഗ്യാനേഷ് കുമാർ. പാർലമെന്ററി കാര്യ മന്ത്രാലയത്തിൽ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

ഗ്യാനേഷ് കുമാർ മുഖ്യ തിരഞ്ഞെടുപ്പു കമ്മീഷണറാകുന്ന സാഹചര്യത്തിൽ ഡോ.വിവേക് ജോഷിയെ പുതിയ തിരഞ്ഞെടുപ്പ് കമ്മീഷണറായും രാഷ്ട്രപതി നിയമിച്ചു. ഹരിയാന കേഡറിലെ 1989 ബാച്ചിലെ IAS ഓഫീസറാണ് അദ്ദേഹം.

✪✪✪

സ്വാശ്രയത്വം ഉറപ്പാക്കുന്നത് രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് നിർണായകമാണെന്ന് കേന്ദ്ര ധന മന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. മുംബൈയിൽ അന്താരാഷ്ട്ര കസ്റ്റംസ് ദിനാഘോഷ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അവർ. തീരുവ കുറയ്ക്കുന്നതിനും സ്വാശ്രയത്വം വർദ്ധിപ്പിക്കുന്നതിനും ഇന്ത്യയുടെ നിരന്തരമായ ശ്രമം നടത്തിവരികയാണെന്നും നിർമ്മലാ സീതാരാമൻ അറിയിച്ചു.

ഡ്യൂട്ടി വെട്ടിക്കുറയ്ക്കുന്നതുൾപ്പെടെ ഈ ലക്ഷ്യം കൈവരിക്കുന്നതിന് നടപ്പു ബജറ്റിൽ സ്വീകരിച്ച നടപടികൾ ധനമന്ത്രി എടുത്തുപറഞ്ഞു.

✪✪✪

മത്സ്യ-സമുദ്ര മേഖലയിൽ വിദ്യാർത്ഥികൾ നേടുന്ന അറിവ് സ്വഭാവരൂപീകരണത്തിനും സാമൂഹിക വികസനത്തിനും രാഷ്ട്ര നിർമാണത്തിലും ഉതകുന്ന രീതിയിൽ പ്രയോജനപ്പെടുത്തണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നിർദ്ദേശിച്ചു. വിദ്യാർത്ഥികൾ ജോലി തേടുന്നവർ ആയി മാറാതെ ജോലി നൽകുന്നവരായി മാറണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കൊച്ചി കുഫോസിൽ ബിരുദദാന ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു സർവ്വകലാശാല ചാൻസലർ കൂടിയായ ഗവർണർ.

✪✪✪

ദേശീയ വനിതാ മാധ്യമ പ്രവർത്തക കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും.

രാജ്യത്തെ പ്രമുഖ വനിതാ മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിച്ച് പബ്ലിക് റിലേഷൻ വകുപ്പാണ് രണ്ടു ദിവസത്തെ കോൺക്ലേവ് സംഘടിപ്പിക്കുന്നത്. പ്രമുഖ പത്ര പ്രവർത്തകയായിരുന്ന M ഹലീമാബീവിയെക്കുറിച്ച് PRD തയ്യാറാക്കിയ ഹ്രസ്വചിത്രം ചടങ്ങിൽ മന്ത്രി വീണാ ജോർജ് പ്രകാശനം ചെയ്യും.

ടാഗോർ തിയേറ്ററിൽ പാനൽ ചർച്ചകളും ചാറ്റ് സെഷനുകളും സംഘടിപ്പിച്ചിട്ടുണ്ട്. വാർത്തകളിലെ സ്ത്രീ, മാധ്യമങ്ങളിലെ ലിംഗസമത്വം എന്നീ വിഷയങ്ങളിലാണ് ഇന്ന് പാനൽ ചർച്ചകൾ നടക്കുക.

✪✪✪

അരികുവൽകൃതരുടെ പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ വനിതാ മാധ്യമ പ്രവർത്തകർ നടത്തുന്ന ഇടപെടലുകൾ ശ്ലാഘനീയമാണെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന്റെ ഭാഗമായി ടാഗോർ തിയേറ്ററിൽ സംഘടിപ്പിച്ച ഫോട്ടോ പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പ്രശസ്ത വനിതാ ഫോട്ടോ ജേണലിസ്റ്റുകൾ, ഫ്രീലാൻസ് ഫോട്ടോഗ്രാഫർമാർ, വന്യജീവി ഫോട്ടോഗ്രാഫർമാർ എന്നിവരുടെ 80 സൃഷ്ടികളാണ് പ്രദർശനത്തിലുള്ളത്.

പ്രദർശനം നാളെ സമാപിക്കും.

✪✪✪

'നക്ഷ' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഉച്ചയ്ക്ക് നെയ്യാറ്റിൻകരയിൽ മന്ത്രി കെ. രാജൻ നിർവഹിക്കും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

ഡിജിറ്റൽ ഇന്ത്യ ഭൂരേഖ ആധുനികവത്കരണ പദ്ധതിക്കു കീഴിൽ നഗര പ്രദേശങ്ങളിലെ എല്ലാ ഭൂമികളും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സർവേ നടത്തുന്നതിനാണ് 'നക്ഷ' പദ്ധതി ആരംഭിക്കുന്നത്.

സ്വകാര്യ ഭൂമികൾ, ഒഴിഞ്ഞ പ്ലോട്ടുകൾ, പൊതുസ്വത്തുക്കൾ, റെയിൽവേ വകുപ്പിന്റെ ഭൂമികൾ, നഗരസഭയുടെ ഭൂമികൾ, ക്ഷേത്രം, ബസ് സ്റ്റാൻഡ്, തോട്, ഇടവഴികൾ, റോഡ്, ജല പൈപ്പ്ലൈൻ, വൈദ്യുതി ലൈൻ, UGD ലൈൻ, ടെലിഫോൺ ലൈൻ തുടങ്ങിയവ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് അളന്ന് തിട്ടപ്പെടുത്തി കൃത്യമായ ഭൂരേഖകൾ തയ്യാറാക്കും.

✪✪✪

ഹീമോഫീലിയ രോഗികളുടെ പ്രശ്നങ്ങൾ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗം ചർച്ച

ചെയ്തു. പരമാവധി മരുന്ന് സംഭരിച്ച് ഹീമോഫീലിയ ചികിത്സ സാധ്യമായ രീതിയിൽ വികേന്ദ്രീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. ഹീമോഫീലിയ രോഗികളുടെ ബുദ്ധിമുട്ട് പരമാവധി കുറയ്ക്കാൻ നടപടികളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ച് വരുന്നതെന്നും മന്ത്രി അറിയിച്ചു.

കഴിഞ്ഞ ഒരു വർഷമായി ആഗോള തലത്തിൽ ഹീമോഫീലിയ രോഗത്തിനു മരുന്ന് പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിലാണ് മരുന്ന് സംഭരണത്തിനും വികേന്ദ്രീകരണത്തിനും മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നത്.

✪✪✪

വ്യവസായ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്നും ഇതിനെതിരെ നടക്കുന്ന വ്യാജ പ്രചാരണങ്ങൾ അവസാനിപ്പിച്ച് കക്ഷിരാഷ്ട്രീയത്തിന് അതീതമായി എല്ലാവരും നാടിന്റെ മുന്നേറ്റത്തിനായി ഒന്നിച്ച് നിൽക്കണമെന്നും മന്ത്രി പി. രാജീവ് ആവശ്യപ്പെട്ടു. സംസ്ഥാനത്ത് 22, 126 കോടിയുടെ നിക്ഷേപമാണ് ഉണ്ടായത്. മൂന്ന് ലക്ഷത്തി 44,848 പുതിയ സംരംഭങ്ങൾ ആരംഭിച്ച് 7 ലക്ഷത്തിൽ പരം പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞതായി അദ്ദേഹം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു

ഒരു മിനിറ്റിൽ ആർക്കും സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്ന സാഹചര്യം സംസ്ഥാനത്ത് ഉണ്ടായതായും രാജീവ് അവകാശപ്പെട്ടു.

✪✪✪

ഈ വർഷത്തെ തദ്ദേശ ദിനാഘോഷം ഇന്ന് ഗുരുവായൂരിൽ ആരംഭിക്കും. രാവിലെ അക്കാദമിക് സെഷൻ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. മന്ത്രി MB രാജേഷ് അധ്യക്ഷനാകും.

MP മാരായ കെ രാധാകൃഷ്ണനും, ബെന്നി ബഹനാനും മുഖ്യ അതിഥികളാകും. കേരളത്തിന്റെ മാതൃക സംയോജിത വികസനം, എന്ന വിഷയത്തിൽ സെമിനാറുകൾ നടത്തും. വൈകിട്ട് കേരളവും തദ്ദേശ യുവ ജനപ്രതിനിധികളും എന്ന വിഷയത്തിൽ ഓപ്പൺ ഫോറം സംഘടിപ്പിക്കും.

നാളെ നടക്കുന്ന സമാപനസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും.

✪✪✪

കാസർഗോഡ് ജില്ലയിൽ സ്വരാജ് ട്രോഫി മഹാത്മ പുരസ്കാരം നേടിയ മികച്ച ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളെ ജില്ലാ കളക്ടർ K ഇമ്പശേഖർ അഭിനന്ദിച്ചു. സംസ്ഥാനതലത്തിൽ സ്വരാജ് ട്രോഫിയിൽ മികച്ച ബ്ലോക്ക് പഞ്ചായത്ത് വിഭാഗത്തിൽ മൂന്നാം സ്ഥാനവും മഹാത്മാ പുരസ്കാരത്തിന് മികച്ച ബ്ലോക്ക് പഞ്ചായത്ത് വിഭാഗത്തിൽ രണ്ടാം സ്ഥാനവും നേടി ജില്ലയ്ക്ക് അഭിമാനമായി മാറിയ നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയെയും ജീവനക്കാരെയും ജില്ലാ കളക്ടർ അഭിനന്ദനം അറിയിച്ചു.

✪✪✪

മനുഷ്യവകാശത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ലോക ശ്രദ്ധപിടിച്ചു പറ്റിയ നമ്മുടെ നാടിന്റെ സമര ചരിത്രത്തിലെ ഏറ്റവും വലിയ അധ്യായമാണ് വൈക്കം സത്യാഗ്രഹമെന്ന് ഗോവ ഗവർണർ P.S ശ്രീധരൻ പിള്ള പറഞ്ഞു. മാതൃഭൂമി പ്രസിദ്ധീകരിച്ച വൈക്കം സത്യാഗ്രഹ ചരിത്രം എന്ന പുസ്തകത്തിന്റെ പ്രകാശനം കോഴിക്കോട്ട് നിർവഹിക്കുകയായിരുന്നു ഗോവ ഗവർണർ.

✪✪✪

എറണാകുളം ജില്ലയിലെ മുളന്തുരുത്തി റെയിൽവേ മേൽപ്പാലം മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഇന്ന് ഉദ്ഘാടനം ചെയ്യും. നാല് കോടി 19 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പാലത്തിന് 530 മീറ്റർ നീളവും 9.50 മീറ്റർ വീതിയുമുണ്ട്.

ചോറ്റാനിക്കര- മുളന്തുരുത്തി റോഡിലെ ലെവൽ ക്രോസ് അടയ്ക്കുന്നത് മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്കിന് ഇതോടെ പരിഹാരമാകും.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ നിലവിലെ ചാമ്പ്യൻമാരായ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഡൽഹി ക്യാപിറ്റൽസിനെ 8 വിക്കറ്റിന് പരാജയപ്പെടുത്തി. വഡോദരയിലെ കൊട്ടമ്പി സ്റ്റേഡിയത്തിൽ ഡൽഹി ഉയർത്തിയ 142 റൺസ് വിജയലക്ഷ്യം ബംഗളുരു 16.2 ഓവറിൽ മറി കടന്നു.

ഇന്ന് ഗുജറാത്ത് ജയന്റ്സ് മുംബെ ഇന്ത്യൻസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് വഡോദരയിലാണ് മത്സരം.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ  ഗോകുലം കേരള FC ക്ക് ജയം.  കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ മൂന്നിനെതിരെ ആറ് ഗോളുകൾക്ക് ഡൽഹി FC യെയാണ് അവർ പരാജയപ്പടുത്തിയത്.

ഈ മാസം 25-ന് എവേ മത്സരത്തിൽ ഗോകുലം /  ഐസ്വാൾ FC യെ നേരിടും.

✪✪✪

23-ാമത് ദേശീയ പാരാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന്  ഇന്ന് ചെന്നൈയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ തുടക്കമാകും. 1,500-ഓളം പാരാ അത്‌ലറ്റുകൾ 155 ഇനങ്ങളിൽ മത്സരിക്കും.

✪✪✪

ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ നേരിട്ട് കാണാൻ ജർമൻ സംഘം കാസർകോട്ടെത്തി. അജൈവ മാലിന്യ ശേഖരണത്തിലും തരംതിരിക്കലിലും മാതൃകപരമായ പ്രവർത്തനം കാഴ്ച വെക്കുന്ന ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ  പഠിക്കാനാണ് ജർമൻ സംഘം എത്തിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി  ജില്ലാ പ്രതിനിധി P. ജഗന്നിവാസൻ.

....(വോയ്സ്).............

ജർമ്മനി ആസ്ഥാനമായി പ്രവർത്തിക്കുന്ന വൈൽഡ് പ്ലാസ്റ്റിക് എന്ന സ്ഥാപനത്തിന്റെ പ്രതിനിധികളായ സെലൻ അസ്ന, മെയ്ഹുലാമനെൻ എന്നിവരാണ് കാസർകോട് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേനയുടെ വാതിൽപ്പടി ശേഖരണം നേരിൽ കാണാനെത്തിയത്. ഹരിതകർമ്മസേനയുടെ കൂടെ വീടുകളിൽ മാലിന്യം ശേഖരിക്കാനിറങ്ങിയ ഇവർ സേനയുടെ പ്രാഥമിക ഘട്ട തരംതിരിക്കൽ പ്രവർത്തനങ്ങളിലും പങ്കാളിയായി.

വിദേശരാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായ മാലിന്യശേഖരണത്തിൽ പുത്തൻ മാതൃക തീർക്കുന്ന ഹരിതകർമ്മസേനാ പദ്ധതിയെ ജർമ്മൻ സംഘം പ്രശംസിച്ചു. വീടുകളിൽ മാലിന്യം തരംതിരിച്ചുവെയ്ക്കുന്ന ജനങ്ങളുടെ രീതി ഇത്തരം പദ്ധതിയുടെ വിജയം നൽകുന്നുമെന്നും അവർ അഭിപ്രായപ്പെട്ടു.

✪✪✪

**ജനാധിപത്യത്തെ ശക്തിപ്പെടുത്തിയ നിയമമാണ് വിവരാവകാശ നിയമമെന്ന് മന്ത്രി V അബ്ദുറഹിമാൻ പറഞ്ഞു. സംസ്ഥാന വിവരാവകാശ കമ്മീഷൻ മലപ്പുറത്ത് നടത്തിയ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.**

**ചടങ്ങിൽ P ഉബൈദുള്ള MLA അധ്യക്ഷനായിരുന്നു.**

**വിവരാവകാശ നിയമം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നടപടിയെടുക്കുമെന്നും, ഇത്തരക്കാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുമെന്നും പരിശീലന പരിപാടിക്കു നേതൃത്വം നൽകിയ സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. A അബ്ദുൽ ഹക്കീം അറിയിച്ചു.**

✪✪✪

**കോർപ്പറേറ്റുകളെ വെല്ലുന്ന പ്രൊഫഷണലിസമാണ് ഊരാളുങ്കൽ സൊസൈറ്റിയും ഉപസ്ഥാപനങ്ങളും ആർജ്ജിച്ചിരിക്കുന്നതെന്ന് സ്പീക്കർ A.N ഷംസീർ പറഞ്ഞു. ഊരാളുങ്കൽ സൊസൈറ്റിയുടെ ശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി UL സൈബർപാർക്കും, UL ടെക്നോളജി സൊല്യൂഷൻസും ചേർന്നു സംസ്ഥാനതലത്തിൽ കോളെജുവിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഹാക്കത്തോൺ 'ടെക് പൾസി'ന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്പീക്കർ.**

**കോഴിക്കോട് സർവ്വകലാശാലാ കാമ്പസ് ടീം ഒന്നാം സമ്മാനം കരസ്ഥമാക്കി.**

✪✪✪

---

*News Editor: ചന്ദ്രബാബു പി*
*News Reader: ഹക്കീം കൂട്ടായി*
*Casual Newsreader : Rajina K*
**DEO: ഷീബ**